**C 84760-A** **(Pages : 4)** **Name..........................................**

**Reg. No......................................**

SECOND SEMESTER (CBCSS–UG) DEGREE RE-EXAMINATION
APRIL 2020

Malayalam (B.A./B.Sc.)

MAL 2A 08 (1)—MALAYALA SAHITHYAM – 2

(2019 Admissions)

(Multiple Choice Questions for SDE Candidates)

| **Time : 15 Minutes** | **Total No. of Questions : 20** | **Maximum : 20 Marks** |
|---|---|---|

# INSTRUCTIONS TO THE CANDIDATE

1. This Question Paper carries Multiple Choice Questions from 1 to 20.
2. The candidate should check that the question paper supplied to him/her contains all the 20 questions in serial order.
3. Each question is provided with choices (A), (B), (C) and (D) having one correct answer. Choose the correct answer and enter it in the main answer-book.
4. The MCQ question paper will be supplied after the completion of the descriptive examination.

CHMK LIBRARY UNIVERSITY OF CALICUT

MAL 2A 08 (1)—MALAYALA SAHITHYAM – 2

(Multiple Choice Questions for SDE Candidates)

1. ആശാൻ ശ്രീനാരായണഗുരുവുമായി കണ്ടു മുട്ടിയ വർഷം :

   (A) 1901. (B) 1909.

   (C) 1890. (D) 1891.

2. നളിനീ കാവ്യത്തിന് അവതാരിക എഴുതിയതാര് ?

   (A) കേരളവർമ്മ വലിയ കോയിത്തമ്പുരാൻ.

   (B) ജോസഫ് മുണ്ടശ്ശേരി.

   (C) പി. ഭാസ്കരനുണ്ണി.

   (D) എ.ആർ. രാജരാജവർമ്മ.

3. സൂര്യകാന്തി എത്തരത്തിലുള്ള ഒരു കാവ്യമാണ് എന്ന ചർച്ച സാഹിത്യരംഗത്ത്ച്ചൂടുപിടിച്ചപ്പോൾ കാവ്യത്തെക്കുറിച്ച് കവിയുടെ പ്രഖ്യാപനമെന്തായിരുന്നു ?

   (A) മുഗ്ധപ്രണയഗീതം. (B) മിസ്റ്റിക്ക് കാവ്യം.

   (C) റിയലിസ്റ്റിക് കാവ്യം. (D) സിംബലിസ്റ്റ് കാവ്യം.

4. ജി. ശങ്കരക്കുറുപ്പിന്റെ ആത്മകഥയുടെ പേര് :

   (A) ഓർമ്മയുടെ തീരങ്ങൾ. (B) ഓർമ്മയുടെ അറകൾ.

   (C) ഓർമ്മയുടെ ഓളങ്ങൾ. (D) ഓർമ്മയുടെ ഓരങ്ങൾ.

5. ഇടപ്പള്ളി രാഘവൻ പിള്ള കണക്കപിള്ളയായി ജോലി നോക്കിയിരുന്ന പ്രതിവാര പത്രിക :

   (A) കേരള കേസരി. (B) സുഗുണാനന്ദിനി.

   (C) കേരളമിത്രം. (D) ശ്രീമതി.

6. "പിരികയാണിതാ ഞാനൊരധഃകൃതൻ

   കരയുവാനായ് പിറന്നൊരു കാമുകൻ"

   —ഏത് കവിതയിലെ വരികളാണിത് ?

   (A) രമണൻ. (B) നാളത്തെ പ്രഭാതം.

   (C) മണിനാദം. (D) തുഷാരഹാരം.

CHMK LIBRARY UNIVERSITY OF CALICUT

7. "എരിയും വയറ്റത്തു കൈവെച്ചു തേങ്ങി തേങ്ങി

കരയാൻ മോഹിച്ചിട്ടും ഊറി ഞാൻ ചിരിക്കുന്നു"

—ഏതു കവിതയിലെ വരികളാണിത് ?

(A) ബലിദർശനം. (B) ഇടിഞ്ഞു പൊളിഞ്ഞ ലോകം.

(C) കലോപാസകൻ. (D) ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം.

8. കുരുക്ഷേത്രം എന്ന കവിത ആദ്യമായി പ്രസിദ്ധീകരിച്ച വാരികയേത് ?

(A) ഗ്രാമബന്ധു. (B) ദേശബന്ധു.

(C) ദേശാഭിമാനി. (D) രാജാഭിമാനി.

9. കുതിരക്കൊമ്പ് എന്ന കവിതാശീർഷകം എന്തിനെയാണ് സൂചിപ്പിക്കുന്നത് ?

(A) മിഥ്യയായ ഒന്നിനെ. (B) സത്യത്തെ.

(C) സംശയാസ്പദമായ ഒന്നിനെ. (D) നിർവ്വചിക്കാനാവാത്ത ഒന്നിനെ.

10. ആറ്റൂർ രവിവർമ്മയുടെ ആദ്യ കവിതാ സമാഹാരം :

(A) കാവ്യോപഹാരം. (B) കവിത.

(C) ആറ്റൂർ കവിതകൾ. (D) ആറ്റൂർ രവിവർമ്മയുടെ കവിതകൾ.

11. "പഴയ പാഠങ്ങൾ മുടിക്കുക

പുതിയ പാഠങ്ങൾ വിതക്കുക"

—ഏതു കവിതയിലെ വരികൾ ?

(A) കുതിരക്കൊമ്പ്. (B) സംക്രമണം.

(C) കലോപാസകൻ. (D) പുത്തൻ ചൊല്ല്.

12. അപ്പോൾ അമ്മ നിനക്ക് തന്ന ഉമ്മകളിലൊന്ന് പകരം നൽകുക – ആരുടെതാണ് ഈ വരികൾ ?

(A) സുഗതകുമാരി. (B) അക്കിത്തം.

(C) സാവിത്രി രാജീവൻ. (D) വിജയലക്ഷ്മി.

13. കുട്ടിക്കൃഷ്ണമാരാരുടെ ഏതു പുസ്തകത്തിനാണ് കേരള - കേന്ദ്ര അക്കാദമി പുരസ്കാരങ്ങൾ ലഭിച്ചത് ?

(A) സാഹിത്യവിദ്യ. (B) മലയാള ശൈലി.

(C) സാഹിത്യ ഭൂഷണം. (D) കല ജീവിതം തന്നെ.

CHMK LIBRARY UNIVERSITY OF CALICUT

14. ദന്തഗോപുരം ആരുടെ രചനയാണ് ?

(A) ഏ. ആർ. രാജരാജവർമ്മ. (B) കുട്ടിക്കൃഷ്ണ മാരാർ.

(C) ജോസഫ് മുണ്ടശ്ശേരി. (D) തോമസ് മാത്യു.

15. ജോസഫ് മുണ്ടശ്ശേരിയുടെ ആത്മകഥയുടെ പേര് :

(A) കഴിഞ്ഞ കാലം. (B) കൊഴിഞ്ഞ ഇലകൾ.

(C) ഓർമ്മയുടെ അറകൾ. (D) ഓർമ്മയുടെ ഓളങ്ങൾ.

16. പ്രൊഫസർ എന്ന നോവൽ രചിച്ചതാര് ?

(A) എം. മുകുന്ദൻ. (B) ജോസഫ് മുണ്ടശ്ശേരി.

(C) പ്രൊഫസർ എം. കെ. സാനു. (D) പ്രൊഫസർ എസ്. ഗുപ്തൻ നായർ.

17. കെ.പി. അപ്പന്റെ അഭിപ്രായത്തിൽ ഇടപ്പള്ളിയുടെ കാവ്യദർശനത്തിൽ ആഴത്തിൽ സ്വാധീനം ചെലുത്തിയിട്ടുള്ള ഒന്നാണ് :

(A) സാമൂഹിക നീതി. (B) സമത്വബോധം.

(C) മൃത്യുബോധം. (D) സ്വതന്ത്രചിന്ത.

18. മനുഷ്യന്റെ അന്യതാബോധത്തെ പറ്റി പഠനം നടത്തിയതാര് ?

(A) യൂഗോ. (B) കോളിൻ വിൽസൻ.

(C) ബോദ്‌ലയർ. (D) റൂസ്സോ.

19. സമൂഹം എങ്ങിനെ സ്ത്രീയെ നിത്യവും തടയുന്നു, ഇല്ലാതാകുന്നു എന്ന ഹിംസയുടെ അനന്തമായ കഥയാണ് —————.

(A) മഹാബലി കഥ. (B) കൃഷ്ണ കഥ.

(C) പരശുരാമ കഥ. (D) ബാലി കഥ.

20. സാമൂഹിക ചിന്തകന്റെ വഴിയിലൂടെയല്ല നോവലിസ്റ്റ് സഞ്ചരിക്കുന്നത്–പിന്നെന്തിലൂടെയെന്നാണ് എഴുത്തും അധികാരവും എന്ന ലേഖനത്തിൽ പറയുന്നത് ?

(A) ഭാവനയുടെ ചരിത്രത്തിലൂടെ. (B) ഭാവനയുടെ റിപ്പബ്ലിക്കിലൂടെ.

(C) ചരിത്രത്തിലെ റിപ്പബ്ലിക്കിലൂടെ. (D) ചരിത്ര ഭാവനകളിലൂടെ.

CHMK LIBRARY UNIVERSITY OF CALICUT

C 84760 (Pages : 2) Name.....................................

Reg. No...................................

# SECOND SEMESTER (CBCSS–UG) DEGREE RE-EXAMINATION APRIL 2020

Malayalam (B.A./B.Sc.)

MAL 2A 08 (1)—MALAYALA SAHITHYAM – 2

(2019 Admissions)

Time : Two Hours and a Half Maximum : 80 Marks

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക് വീതം. പരമാവധി മാർക്ക് 25 :

1 'ഹന്ത! ധന്യമിഹ നിന്റെ ജീവിതം'—ആരുടെ ചിന്തയാണ് ? കാരണമെന്ത് ?

2 വ്യംഗ്യാർത്ഥ ചമത്കൃതമായ കവിതയാണ് 'സൂര്യകാന്തി'—വിശദമാക്കുക.

3 പരശുരാമനെ വിമർശനബുദ്ധ്യാ മാരാര് ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ ?

4 'ഈ മലനാട് എത്രമേൽ മധുരദർശനം'—വിശദമാക്കുക.

5 "ജീവിതസാഫല്യത്തിൻ പോരുളെങ്ങുലകത്തിൽ

കേവലമൃത്പിണ്ഡത്തിന്നുള്ളിലോ പുറമെയോ"

—ആശയം വിശദമാക്കുക.

6 സൂതകുമാരൻ കൊമ്പുള്ള കുതിരയെ സൃഷ്ടിക്കുന്നതെങ്ങനെ ?

7 ഭൂതവർത്തമാനകാലങ്ങളെ സമന്വയിപ്പിക്കുകയാണ് 'അമ്മയെ കുളിപ്പിക്കുമ്പോൾ' എന്ന കവിതയിൽ —വ്യക്തമാക്കുക.

8 "അന്തി കറുത്തു, കോലായിൽ നാം

തിങ്കളുദിപ്പതു നോക്കിയിരുന്നു"

—സന്ദർഭം വിശദമാക്കുക.

9 'എത്ര ആഴത്തിലും എത്ര അകലേക്കും കാണാനുള്ള കണ്ണുകളാണ് ആ ഇടച്ചേരിക്കാരനുണ്ടായിരുന്നത് എന്തു കൊണ്ടാണിങ്ങനെ പറയുന്നത് ?

10 നോവൽ കേരളീയ ജീവിതത്തിന്റെ പ്രകാശഗ്രന്ഥമായി തീർന്നത് എങ്ങനെയാണെന്നാണ് ലേഖകൻ പറയുന്നത് ?

11 അസംബന്ധകവിത എന്ന നിലയിൽ 'കുതിരക്കൊമ്പി'നെ വിലയിരുത്തുക.

12 സാല്വൻ അംബയെ ഉപേക്ഷിക്കാൻ കാരണമെന്ത് ?

CHMK LIBRARY UNIVERSITY OF CALICUT

13 “പരനിന്ദ വീശുന്നവാളിനാൽ ചൂളിപ്പോകാ,

പരകോടിയിൽച്ചെന്ന പാവനദിവ്യസ്നേഹം”

–വിശദമാക്കുക.

14 “ഉദരത്തിൻ പശി കെടുത്താൻ പോയ് ഞങ്ങൾ

ഹൃദയത്തിൻ വിശപ്പടക്കുവാൻ പോന്നു”

–വിവക്ഷിതമെന്ത് ?

15 കേരളീയരും അത്തരമൊരു ശാപഫലം അനുഭവിക്കുന്നു എന്ന് ബാലാമണിയമ്മയുടെ കവിത വെളിപ്പെടുത്തുന്നു. ശാപഫലം എന്ത് ?

(Maximum = 25 marks)

II. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 5 മാർക്ക് വീതം. പരമാവധി മാർക്ക് 35

16 “മീനിനാൽ ഓമനച്ചെറുമൃണാളമെന്ന പോൽ

വാമനേത്രയുടെ വാമമാംകരം”

–സന്ദർഭവും ആശയവും വ്യക്തമാക്കുക.

17 ‘ആസാംപണിക്കർ’ എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

18 ഇല്ലാത്ത ഒന്നിനെക്കുറിച്ചുള്ള കഥ മെനയലാണ് ‘കുതിരക്കൊമ്പ് ’ എന്ന കവിത–വിശദമാക്കുക.

19 വാർധക്യത്തിന്റെ അവസ്ഥകളെ ‘അമ്മയെ കുളിപ്പിക്കുമ്പോൾ’ എന്ന കവിതയിൽ എപ്രകാരം ആവിഷ്കരിച്ചിരിക്കുന്നു ?

20 കാല്പനികമായ ഐറണിയാണ് ‘ഹരിതാഭരണം’ എന്ന കവിത–വിവരിക്കുക.

21 അംബ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

22 ഇടശ്ശേരിയിൽ സംഭവിച്ച പരിണാമത്തിന്റെ സൂചനയാണ് ‘തത്ത്വശാസ്ത്രങ്ങൾ ഉറങ്ങുമ്പോൾ’ എന്ന കവിത –ഈ വിലയിരുത്തലിന്റെ സാംഗത്യം പരിശോധിക്കുക.

23 ജീവിതവും ചെറുകഥയും തമ്മിലുള്ള ബന്ധം ലേഖകൻ വ്യക്തമാക്കുന്നതെങ്ങനെ ?

(Maximum = 35 marks)

III. ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് മൂന്നു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. ഓരോന്നിനും മാർക്ക് 10 :

24 കേവല പ്രണയത്തിന്റെ ഭൂമികയിൽ നിന്നുയർന്ന് പ്രണയത്തിന്റെ ആദ്ധ്യാത്മികഭാവത്തിലേക്ക് വളർന്നു വികസിക്കുന്ന കവിതയാണ് സൂര്യകാന്തി–വിലയിരുത്തുക.

25 ലോകത്തിന്റെ അവസ്ഥാന്തരത്തെ കലോപാസകൻ എന്ന കവിത അവതരിപ്പിക്കുന്നതെങ്ങനെ ?

26 മാതൃത്വത്തിന്റെ അകളങ്ക പുഷ്പങ്ങൾ മാത്രം വിരിയിച്ച മുള്ളില്ലാത്ത ഒരു പനിനീർച്ചെടിയല്ല ബാലാമണിയമ്മ എന്ന് നിരൂപകൻ സമർത്ഥിക്കുന്നതെങ്ങനെ ?

27 എഴുത്തും അധികാരവും നോവലിന്റെ വ്യാവഹാരികതയിൽ വലിയ മാറ്റങ്ങൾ സൃഷ്ടിച്ചിട്ടുണ്ട് എന്ന നിരൂപകാഭിപ്രായത്തിന്റെ സാംഗത്യം പരിശോധിക്കുക.

(2 × 10 = 20 marks)

CHMK LIBRARY UNIVERSITY OF CALICUT

**C 84733-A** (Pages : 4) Name..................................

Reg. No..................................

# SECOND SEMESTER (CUCBCSS–UG) DEGREE RE-EXAMINATION APRIL 2020

Malayalam (B.A./B.Sc.)

MAL 2A 08—MALAYALA SAHITHYAM – II

(2017-2018 Admissions)

(Multiple Choice Questions for SDE Candidates)

| Time : 15 Minutes | Total No. of Questions : 20 | Maximum : 20 Marks |
|---|---|---|

## INSTRUCTIONS TO THE CANDIDATE

1. This Question Paper carries Multiple Choice Questions from 1 to 20.
2. The candidate should check that the question paper supplied to him/her contains all the 20 questions in serial order.
3. Each question is provided with choices (A), (B), (C) and (D) having one correct answer. Choose the correct answer and enter it in the main answer-book.
4. The MCQ question paper will be supplied after the completion of the descriptive examination.

CHMK LIBRARY UNIVERSITY OF CALICUT

MAL 2A 08—MALAYALA SAHITHYAM – II

(Multiple Choice Questions for SDE Candidates)

1. നാടോടിയായ ഒരു മിത്തിന്റെ ആവിഷ്കാരമായ ഇടശ്ശേരിക്കവിത :

(A) പണിമുടക്കം.

(B) കറുത്ത ചെട്ടിച്ചികൾ.

(C) പൂതപ്പാട്ട്.

(D) വിവാഹ സമ്മാനം.

2. "അധികാരം കൊയ്യണമാദ്യം നാം

അതിനുമേലാകട്ടെ പൊന്നാര്യൻ"

–എന്ന പ്രസിദ്ധമായ വരികൾ ഏത് കവിയുടേതാണ് ?

(A) വൈലോപ്പിള്ളി ശ്രീധരമേനോൻ.

(B) ചങ്ങമ്പുഴ കൃഷ്ണപിള്ള.

(C) കുമാരനാശാൻ.

(D) ഇടശ്ശേരി ഗോവിന്ദൻ നായർ.

3. "ജീവിതം തീതിന്നലമ്മക്കയ്യോ

പാവം മകൾക്കൊരു —————— ?"

(A) വിഴുപ്പുഭാണ്ഡം.

(B) കനത്തഭാരം.

(C) മുൾക്കിരീടം.

(D) തീരാദുഃഖം.

4. മുനി ചെയ്ത മനോജ്ഞകാവ്യം–ഏതാണീ കാവ്യം ?

(A) രാമായണം.

(B) മഹാഭാരതം.

(C) ഭാഗവതം.

(D) നാരായണീയം.

5. ഖദ്യോതം എന്ന വാക്കിന്റെ അർത്ഥം :

(A) മിന്നാമിനുങ്ങ്.

(B) ആകാശം.

(C) നക്ഷത്രം.

(D) മേഘം.

6. മലയാള കവിതയിലെ ഉത്തരാധുനിക കാലത്തെ അടയാളപ്പെടുത്തുന്ന കവയത്രിയാണ് :

(A) ബാലാമണിയമ്മ.

(B) സുഗതകുമാരി.

(C) കെ. മാധവിയമ്മ.

(D) അനിതാതമ്പി.

CHMK LIBRARY UNIVERSITY OF CALICUT

7. മെരുക്കം എന്ന കവിത ആരുടേതാണ് ?

(A) അനിതാതമ്പി. (B) വി.എം. ഗിരിജ.

(C) സുഗതകുമാരി. (D) ഗ്രേസി.

8. മധ്യവർഗ്ഗ കുടുംബിനിയുടെ ജീവിതത്തിന്റെ നിസ്സഹായാവസ്ഥ ഉത്തരാധുനിക കാഴ്ചപ്പാടിൽ അവതരിപ്പിക്കുന്ന കവിതയാണ് —————.

(A) മുറ്റമടിക്കുമ്പോൾ. (B) ചോറൂണ്.

(C) ഇവനെക്കൂടി. (D) മയിൽപ്പീലി.

9. മാമാങ്കം അരങ്ങേറിയിരുന്നത് എത്ര വർഷം കൂടുമ്പോഴായിരുന്നു ?

(A) 14. (B) 15.

(C) 12. (D) 13.

10. "ഉണ്ണീ മറക്കായ്ക പക്ഷേയൊരമ്മതൻ-

നെഞ്ചിൽ നിന്നുണ്ട മധുര മൊരിക്കലും"

—ആരുടെ വരികൾ ?

(A) എൻ.വി. കൃഷ്ണവാര്യർ. (B) ഒ.എൻ.വി.

(C) ഇടശ്ശേരി. (D) വള്ളത്തോൾ.

11. ഇവനെക്കൂടി എന്ന കവിത രചിച്ചതാര് ?

(A) വൈലോപ്പിള്ളി. (B) സച്ചിദാനന്ദൻ.

(C) വള്ളത്തോൾ. (D) പി. കുഞ്ഞിരാമൻ നായർ.

12. "ദമയന്തിതൻ കീറച്ചേലയിൽ സാനുക്കളി-

ലലഞ്ഞു പൊരുൾ തേടി"

—ഇവിടെ സ്മരിക്കുന്നത് ഏതു കൃതിയാണ് ?

(A) കൃഷ്ണഗാഥ. (B) അദ്ധ്യാത്മ രാമായണം.

(C) മഹാഭാരതം. (D) നളചരിതം ആട്ടക്കഥ.

13. "എട്ടുകെട്ടുകൾ കത്തും പട്ടട വെണ്ണീറിൽ

തൻ നെല്ലിക്ക് നീർ കോരുവാൻ"

—ഇവിടെ പരാമർശിക്കുന്ന കവിത ഏത് ?

(A) കണ്ണീർപ്പാടം. (B) വിട.

(C) കുടിയൊഴിക്കൽ. (D) മകരക്കൊയ്ത്ത്.

CHMK LIBRARY UNIVERSITY OF CALICUT

14. കുട്ടികൃഷ്ണ മാരാരുടെ ജന്മസ്ഥലം ഏത് ?

(A) ചമ്രവട്ടം. (B) പൊന്നാനി.

(C) തൃപ്രങ്ങോട്. (D) തൃക്കണ്ടിയൂർ.

15. ദന്തഗോപുരത്തിലേക്ക് വീണ്ടും ആരുടെ രചനയാണ് ?

(A) എം.പി. പോൾ. (B) കുട്ടിക്കൃഷ്ണമാരാർ.

(C) മുണ്ടശ്ശേരി. (D) എം. തോമസ് മാത്യു.

16. ചങ്ങമ്പുഴ നക്ഷത്രങ്ങളുടെ സ്നേഹഭാജനം എന്ന ജീവചരിത്ര കൃതിയുടെ രചയിതാവ് ആര് ?

(A) എം.പി. പോൾ. (B) തോമസ് മാത്യു.

(C) എം.എം. ബഷീർ. (D) എം.കെ. സാനു.

17. ആരാണ് ചങ്ങമ്പുഴയുടെ ദയനീയ സാഹചര്യം കണ്ടറിഞ്ഞ് പ്രസ്താവന ഇറക്കിയത് ?

(A) എം. ഗോവിന്ദൻ. (B) ഇ. എം. കോവൂർ.

(C) ഇ. എം. എസ്. (D) എം. കെ. സാനു.

18. സാഹിത്യം സാഹിത്യമായി തീരുന്നത് മനുഷ്യജീവിതത്തിന്റെ പങ്കപ്പാടുകളെയും വേദനകളെയും കാരുണ്യത്തോടെ ആവിഷ്ക്കരിക്കുമ്പോഴാണ്. ഇങ്ങനെ ചിന്തിച്ച എഴുത്തുകാരി ആര് ?

(A) മഹാശ്വേതാദേവി. (B) സുഗതകുമാരി.

(C) ബാലാമണിയമ്മ. (D) മാധവിക്കുട്ടി.

19. സങ്കുചിതമായ പാർട്ടി രാഷ്ട്രീയത്തിൽ ഞാൻ വിശ്വസിക്കുന്നില്ല എന്നു പറഞ്ഞ എഴുത്തുകാരി :

(A) ബാലാമണിയമ്മ. (B) സാറാ ജോസഫ്.

(C) മഹാശ്വേതാദേവി. (D) മാധവിക്കുട്ടി.

20. മരപ്പാവകൾ വീണ്ടും വായിക്കുമ്പോൾ എന്ന ലേഖനം ഏതു ഗ്രന്ഥത്തിൽ നിന്നാണ് എടുത്തിരിക്കുന്നത് ?

(A) ചെറുകഥയുടെ ഛന്ദസ്സ്. (B) മൗനം തേടുന്ന വാക്ക്.

(C) ചെറുകഥാ പ്രസ്ഥാനം. (D) ശ്രാദ്ധം.

CHMK LIBRARY UNIVERSITY OF CALICUT

C 84733

(Pages : 2)

Name.......................................

Reg. No...................................

# SECOND SEMESTER (CUCBCSS–UG) DEGREE RE-EXAMINATION APRIL 2020

Malayalam (B.A./B.Sc.)

MAL 2A 08—MALAYALA SAHITHYAM – II

(2017-2018 Admissions)

Time : Three Hours

Maximum : 80 Marks

I. ഒറ്റവാക്കിൽ ഉത്തരമെഴുതുക. ½ മാർക്ക് വീതം :

1 മരപ്പാവകൾ എന്ന കഥയെഴുതിയത് ആര് ?

2 "എവിടുന്നു വന്നിത്ര കടകയ്പു വായിലെ-

ന്നറിയാതുഴന്നു ഞാൻ നിൽക്കേ"

—ഏതു കവിതയിലെ വരികൾ ?

3 "ന്യൂസ് ദേവന്റെ അടിമത്തത്തിനു പകരമായി ഈ വേദനകളെ ഞാൻ കൈമാറുകയില്ല". ആരുടെ വാക്കുകൾ ?

4 ആരെക്കുറിച്ച് കവിതയെഴുതാൻ കഴിയാത്തതിനാലാണ് ചങ്ങമ്പുഴ വളരെയധികം ഖേദിച്ചിരുന്നത് ?

5 ദുരന്തം പേറുന്ന സാധാരണ സ്ത്രീകളിൽ നിന്ന് നളിനിയെ വ്യത്യസ്തയാക്കുന്ന ഘടകമെന്താണ് ?

6 "സാഹിത്യകാരന്മാരെ നിങ്ങൾ ബൂർഷ്വാ പ്രസാധകന്മാരിൽ നിന്നു സ്വതന്ത്രരോ"—ആരുടെ വാക്കുകൾ?

7 'കാവിലെ പാട്ട്' എന്ന കൃതി എഴുതിയതാര് ?

8 അൽസെസ്റ്റ് എന്ന കഥാപാത്രത്തെ സൃഷ്ടിച്ചതാര് ?

9 ഹാസ് ലിറ്റ് ഹാസ്യത്തിന്റെ പ്രഭവം കണ്ടെത്തുന്നത് എന്തിലാണ് ?

10 രാജാങ്കണം ആരുടെ കൃതിയാണ് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. ഓരോന്നിനും 2 മാർക്ക് വീതം :

11 "നിഴലിൻവഴി പൈതൽ പോലെ പോ-

യുഴലാ ഭോഗമിരന്നു ഞാനിനി"

—സീതയുടെ ഈ വാക്കുകൾ വ്യക്തമാക്കുന്നതെന്ത് ?

12 "ഇവനു പ്രിയമേറ്റം

കലികാലത്തിൻ തോറ്റം"

—സാരസ്യമെഴുതുക.

Turn over

CHMK LIBRARY UNIVERSITY OF CALICUT

13 "എങ്കിലുമതുചെന്നു മാറ്റൊലിക്കൊണ്ടൂ, പുത്ര-

സങ്കടം സഹിയാത്ത സഹ്യന്റെ ഹൃദയത്തിൽ !"

—സൂചിതമെന്ത് ?

14 ലോകത്തിൽ വിശ്വകർമ്മാവിന്റെയും മയന്റെയും കർമ്മം എന്താണ് ?

15 തനിക്ക് കിട്ടിയ അമൂല്യ നിക്ഷേപമെന്ന് ചങ്ങമ്പുഴ കരുതിയതെന്ത് ?

(5 × 2 = 10 marks)

III. നൂറ്റമ്പതു വാക്കിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 5 മാർക്ക് വീതം.

16 'കാരൂരിന്റെ ആഖ്യാനകല വർജ്ജനത്തിന്റെ (Art of elimination) കലയാണ്'–വ്യക്തമാക്കുക.

17 ഇതിഹാസങ്ങളിലെ പാത്രസൃഷ്ടിയെപ്പറ്റിയുള്ള പൊതുവായ ധാരണകൾ എന്താണ് ? വിശദമാക്കുക.

18 നാടകശാലയാകുന്ന ലോകത്തെക്കുറിച്ച് ചങ്ങമ്പുഴ അഭിപ്രായപ്പെടുന്നതെന്ത് ?

19 നിലനിൽപ്പിനു വേണ്ടിയുള്ള സമരം മറ്റു ജീവജാലങ്ങളിൽ കാണുന്ന കണക്കല്ല മനുഷ്യന്റെ കാര്യത്തിൽ –വിശദമാക്കുക.

20 "മാനഹേതുവാ-

ലൊഴിയാത്താർത്തി മനുഷ്യനേ വരൂ"

–സാരസ്യം വിശദീകരിക്കുക.

21 "ഒട്ടിടയ്ക്കാഘോഷവും വെട്ടവുമടങ്ങിപ്പോയ്,

ഒട്ടിനിൽക്കുന്നൂ മൂക്കിലൊരു ദുർഗന്ധം മാത്രം !"

–സന്ദർഭം വിവരിക്കുക.

22 "ഏറുന്നു വീണ്ടും നമ്മളൊഴിച്ച പിശാചുക്കൾ" സാരസ്യം വ്യക്തമാക്കുക.

(5 × 5 = 25 marks)

IV. മൂന്നു പുറത്തിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 10 മാർക്ക് വീതം :

23 കുമാരനാശാന്റെ കവിതയുടെ പ്രത്യേകതകൾ പാഠ്യഭാഗത്തെ ആധാരമാക്കി വിവരിക്കുക.

24 'പകലുകൾ രാത്രികൾ' എന്ന കവിതയുടെ ആഖ്യാനപരമായ സവിശേഷതകളെക്കുറിച്ച് ഉപന്യസിക്കുക.

25 'വിവാഹ സമ്മാനം' എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

26 ഹാസ്യത്തിന്റെ ഉല്പത്തിയെക്കുറിച്ചുള്ള വിവിധ മതങ്ങൾ വിശകലനം ചെയ്യുക.

27 ഇതിഹാസ കഥാപാത്രങ്ങളെപ്പറ്റി മാരാർ നടത്തുന്ന നിരീക്ഷണങ്ങൾ ക്രോഡീകരിക്കുക.

28 'തപന്റെ അമ്മ' എന്ന നോവലിനെപ്പറ്റി ലേഖകൻ നടത്തുന്ന നിരീക്ഷണങ്ങൾ എന്തൊക്കെയാണ് ? വിവരിക്കുക.

(4 × 10 = 40 marks)

CHMK LIBRARY UNIVERSITY OF CALICUT

C 4337-A (Pages : 4) Name..................................

Reg. No..................................

# SECOND SEMESTER (CBCSS–UG) DEGREE EXAMINATION, APRIL 2021

Malayalam (B.A./B.Sc.)

MAL 2A 08 (1)—MALAYALA SAHITHYAM – 2

(Multiple Choice Questions for SDE Candidates)

| Time : 15 Minutes | Total No. of Questions : 20 | Maximum : 20 Marks |
|---|---|---|

CHMK LIBRARY UNIVERSITY OF CALICUT

## INSTRUCTIONS TO THE CANDIDATE

1. This Question Paper carries Multiple Choice Questions from 1 to 20.
2. The candidate should check that the question paper supplied to him/her contains all the 20 questions in serial order.
3. Each question is provided with choices (A), (B), (C) and (D) having one correct answer. Choose the correct answer and enter it in the main answer-book.
4. The MCQ question paper will be supplied after the completion of the descriptive examination.

MAL 2A 08 (1)—MALAYALA SAHITHYAM – 2

(Multiple Choice Questions for SDE Candidates)

1. മലയാളത്തിലെ കാൽപ്പനിക പ്രസ്ഥാനത്തിന് തുടക്കം കുറിച്ചു കൊണ്ട് ആശാനെഴുതിയ കാവ്യം :

(A) നളിനി. (B) ലീല.

(C) വീണപൂവ്. (D) ഗ്രാമവൃക്ഷത്തിലെ കുയിൽ.

2. നളിനീ കാവ്യത്തിന് അവതാരിക എഴുതിയതാര് ?

(A) കേരളവർമ്മ വലിയ കോയിത്തമ്പുരാൻ.

(B) ജോസഫ് മുണ്ടശ്ശേരി.

(C) പി. ഭാസ്കരനുണ്ണി.

(D) എ. ആർ. രാജരാജവർമ്മ.

3. സൂര്യകാന്തി എത്തരത്തിലുള്ള ഒരു കാവ്യമാണ് എന്ന ചർച്ച സാഹിത്യരംഗത്ത് ചൂടു പിടിച്ചപ്പോൾ കാവ്യത്തെക്കുറിച്ച് കവിയുടെ പ്രഖ്യാപനമെന്തായിരുന്നു ?

(A) മുഗ്ദ്ധപ്രണയ ഗീതം. (B) മിസ്റ്റിക് കാവ്യം.

(C) റിയലിസ്റ്റിക് കാവ്യം (D) സിംബലിസ്റ്റ് കാവ്യം.

4. ഇടപ്പള്ളി രാഘവൻ പിള്ള കണക്കപിള്ളയായി ജോലി നോക്കിയിരുന്ന പ്രതിവാര പത്രിക :

(A) കേരളകേസരി. (B) സുഗുണാനന്ദിനി.

(C) കേരളമിത്രം. (D) ശ്രീമതി.

5. മണിനാദത്തിൽ എത്ര ഖണ്ഡങ്ങളായാണ് ആഖ്യാനം നിർവഹിച്ചിട്ടുള്ളത് ?

(A) 3. (B) 4.

(C) 5. (D) 6.

6. ഇടപ്പള്ളി രാഘവൻ പിള്ളയുടെ മരണകുറിപ്പായി കരുതാവുന്ന ഒരു കവിതയാണ് ——————.

(A) തുഷാരഹാരം. (B) നവസൗരഭം.

(C) ഹൃദയസ്മിതം. (D) മണിനാദം.

7. അങ്ങയുടെ ചെന്തളിർ വിരൽ തൊട്ടതെല്ലാം പൊന്നായല്ലോ—എന്ന് ചോദിക്കുന്നതാരാണ് ?

(A) കാമുകി. (B) ഭാര്യ.

(C) മകൻ. (D) ആരാധകർ.

CHMK LIBRARY UNIVERSITY OF CALICUT

8. കുരുക്ഷേത്രം എന്ന കവിത ആദ്യമായി പ്രസിദ്ധീകരിച്ച വാരികയേത് ?

(A) ഗ്രാമബന്ധു. (B) ദേശബന്ധു.

(C) ദേശാഭിമാനി. (D) രാജാഭിമാനി.

9. അയ്യപ്പപണിക്കരുടെ കവിതകളിൽ വിചിത്രമായ അർത്ഥ കൽപ്പനകളുള്ള ഒരു കവിതയാണ് :

(A) മൃത്യുപൂജ. (B) കുടുംബപുരാണം.

(C) പുരൂരവസ്. (D) കുതിരക്കൊമ്പ്.

10. കുതിരക്കൊമ്പ് എന്ന കവിതയുടെ ആഖ്യാനരീതി എപ്രകാരമുള്ളതാണ് ?

(A) നാടകീയാഖ്യാനം. (B) നാടോടിമട്ടിലുള്ള കഥാഖ്യാനരീതി.

(C) കാൽപ്പനിക കാവ്യരീതി. (D) സ്വഗതാഖ്യാനം.

11. അപ്പോൾ അമ്മ നിനക്ക് തന്നെ ഉമ്മകളിലൊന്ന് പകരം നൽകുക–ആരുടേതാണ് ഈ വരികൾ ?

(A) സുഗതകുമാരി. (B) അക്കിത്തം.

(C) സാവിത്രി രാജീവൻ. (D) വിജയലക്ഷ്മി.

12. ഒരു കവയിത്രി എന്ന നിലയിലല്ലാതെ മറ്റേത് നിലയിലാണ് സാവിത്രി രാജീവൻ ശ്രദ്ധേയമായിട്ടുള്ളത് ?

(A) നർത്തകി. (B) നടി.

(C) ചിത്രകാരി. (D) ഗായിക.

13. എ. ആർ. രാജരാജവർമ്മയുടെ ഭാഷാഭൂഷണം എന്ന കൃതിയെ വിമർശിച്ചു കൊണ്ട് മാരാർ എഴുതിയ കൃതിയാണ് ——————

(A) ഭാഷാപരിചയം. (B) സാഹിത്യവിദ്യ.

(C) സാഹിത്യഭൂഷണം. (D) മലയാള ഭാഷാഭൂഷണം.

14. കാളിദാസനും കാലത്തിന്റെ ദാസൻ എന്നത് ആരുടെ രചനയാണ് ?

(A) ജോസഫ് മുണ്ടശ്ശേരി. (B) എൻ. കൃഷ്ണപിള്ള.

(C) കുട്ടികൃഷ്ണമാരാർ. (D) കെ.പി. അപ്പ ൻ.

CHMK LIBRARY UNIVERSITY OF CALICUT

15. അഭിജ്ഞാന ശാകുന്തളത്തിന്റെ മൂലകഥ അടങ്ങിയിട്ടുള്ളത് ഏത് പുരാണകൃതിയിലാണ് ?

(A) രാമായണം.
(B) ഗരുഡപുരാണം.
(C) മഹാഭാരതം.
(D) ഭാഗവതം.

16. മനുഷ്യകഥാനുഗായികൾ എന്ന കൃതി ഏതു സാഹിത്യവിഭാഗത്തിൽ പെടുന്നു ?

(A) നോവൽ.
(B) കഥാസമാഹാരം.
(C) നിരൂപണം.
(D) നാടകം.

17. കെ.പി. അപ്പന്റെ അഭിപ്രായത്തിൽ ഇടപ്പള്ളിയുടെ കാവ്യദർശനത്തിൽ ആഴത്തിൽ സ്വാധീനം ചെലുത്തിയിട്ടുള്ള ഒന്നാണ് :

(A) സാമൂഹികനീതി.
(B) സമത്വബോധം.
(C) മൃത്യുബോധം.
(D) സ്വതന്ത്രചിന്ത.

18. മനുഷ്യന്റെ അന്യതാബോധത്തെ പറ്റി പഠനം നടത്തിയതാര് ?

(A) യൂഗോ.
(B) കോളിൻ വിൽസൻ.
(C) ബോദ്‌ലയർ.
(D) റൂസ്സോ.

19. വാക്കിന്റെ മൂന്നാംകര ആരുടെ രചനയാണ് ?

(A) പി.കെ. പരമേശ്വരൻ നായർ.
(B) പി.കെ. രാജശേഖരൻ.
(C) പി.കെ. ബാലകൃഷ്ണൻ.
(D) കല്പറ്റ ബാലകൃഷ്ണൻ.

20. ഒരു സമൂഹത്തിലെ ഭാഷാവ്യവഹാരങ്ങളെ നിയന്ത്രിക്കുന്നത് അതിനകത്തെ വ്യത്യസ്തമായ ———— ആണ്.

(A) ആശയരൂപങ്ങൾ.
(B) അധികാര ബന്ധങ്ങൾ.
(C) വ്യവഹാര ബന്ധങ്ങൾ.
(D) അധികാര രൂപങ്ങൾ.

CHMK LIBRARY UNIVERSITY OF CALICUT

C 4337 (Pages : 3) Name.....................................

Reg. No..................................

# SECOND SEMESTER (CBCSS–UG) DEGREE EXAMINATION, APRIL 2021

Malayalam (B.A./B.Sc.)

## MAL 2A 08 (1)—MALAYALA SAHITHYAM – 2

Time : Two Hours and a Half Maximum : 80 Marks

### Section A

*Answer atleast* **ten** *questions.*
*Each question carries* 3 *marks.*
*All questions can be attended.*
*Overall Ceiling* 30.

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക :

1 'ഹന്ത ! ധന്യമിഹ നിന്റെ ജീവിതം'—ആരുടെ ചിന്തയാണ് ? കാരണമെന്ത് ?

2 വ്യംഗ്യാർത്ഥ ചമത്കൃതമായ കവിതയാണ് 'സൂര്യകാന്തി'—വിശദമാക്കുക.

3 പരശുരാമനെ വിമർശനബുദ്ധ്യാ മാരാര് ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ ?

4 ഇടപ്പള്ളി കാലത്തെ കണ്ടിരുന്നത് എപ്രകാരമാണ് ? വിശദമാക്കുക.

5 "ജീവിതസാഫല്യത്തിൻ പൊരുളെങ്ങുലകിൽ

കേവലമൃത്പിണ്ഡത്തിന്നുള്ളിലോ പുറമെയോ"

—ആശയം വിശദമാക്കുക.

6 സൂതകുമാരൻ കൊമ്പുള്ള കുതിരയെ സൃഷ്ടിക്കുന്നതെങ്ങനെ ?

7 ഭൂതവർത്തമാനകാലങ്ങളെ സമന്വയിപ്പിക്കുകയാണ് 'അമ്മയെ കുളിപ്പിക്കുമ്പോൾ' എന്ന കവിതയിൽ. വ്യക്തമാക്കുക.

8 "നേരേനടന്നവരെന്നറിഞ്ഞീടുക

നേരത്തേയെത്തിയോരെല്ലാം"

—സാരസ്യം വിശദമാക്കുക.

9 ഇടപ്പള്ളി രാഘവൻ പിള്ളയുടെ കവിതാരീതിയുടെ പൊതുസ്വഭാവം എഴുതുക.

10 'അവിടുന്നും കടന്ന് അവയെ വ്യാഖ്യാനിക്കാൻ പുറപ്പെട്ടാലേ കുഴപ്പമുള്ളൂ'–മുണ്ടശ്ശേരി വിവക്ഷിക്കുന്നതെന്ത് ?

11 അസംബന്ധകവിത എന്ന നിലയിൽ 'കുതിരക്കൊമ്പി'നെ വിലയിരുത്തുക.

12 സാല്വൻ അംബയെ ഉപേക്ഷിക്കാൻ കാരണമെന്ത് ?

Turn over

CHMK LIBRARY UNIVERSITY OF CALICUT

13 "പരനിന്ദ വീശുന്നവാളിനാൽ ചൂളിപ്പോകാ,

പരകോടിയിൽച്ചെന്ന പാവനദിവ്യസ്നേഹം"

—വിശദമാക്കുക.

14 സൂര്യകാന്തിയെ മിസ്റ്റിക് കാവ്യമായി പരിഗണിക്കുന്നതിന്റെ യുക്തി എന്താണ് ?

15 ആധുനിക കവിതയുടെ ചില പൊതുസ്വഭാവങ്ങൾ എഴുതുക.

(10 × 3 = 30 marks)

## Section B

*Answer atleast* **five** *questions.*
*Each question carries* 6 *marks.*
*All questions can be attended.*
*Overall Ceiling* 30.

II. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക :

16 "മീനിനാൽ ഓമനച്ചെറുമൃണാളെമെന്നപോൽ

വാമനേത്രയുടെ വാമമാംകരം"

—സന്ദർഭവും ആശയവും വ്യക്തമാക്കുക.

17 'പലരും കരുതുന്നതു പോലെ പ്രേമനൈരാശ്യം കൊണ്ടല്ല ഇടപ്പള്ളി സ്വയം നശിപ്പിച്ചത്'—വിശദീകരിക്കുക.

18. ഇല്ലാത്ത ഒന്നിനെക്കുറിച്ചുള്ള കഥ മെനയലാണ് 'കുതിരക്കൊമ്പ്' എന്ന കവിത. വിശദമാക്കുക.

19 വാർധക്യത്തിന്റെ അവസ്ഥകളെ 'അമ്മയെ കുളിപ്പിക്കുമ്പോൾ' എന്ന കവിതയിൽ എപ്രകാരം ആവിഷ്കരിച്ചിരിക്കുന്നു ?

20 'മഹാഭാരതത്തിലെ ദുഷ്യന്തൻ നാട്ടുകാരോടുത്തരവാദപ്പെട്ടിരിക്കുമ്പോൾ കാളിദാസന്റെ ദുഷ്യന്തൻ തന്നോടു തന്നെ ഉത്തരവാദപ്പെട്ടിരിക്കുന്നു—വിവരിക്കുക.

21 അംബ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

22 ബഷീറിന്റെ നോവലുകൾ യഥാതഥനോവലിന്റെ വഴക്കത്തിൽ നിന്ന് വ്യതിരിക്തമാകുന്നതെങ്ങനെ ?

23 ആധുനികതയിൽ നിന്ന് ആധുനികാനന്തരതയിലേക്കുള്ള മാറ്റം ആറ്റൂരിന്റെ കവിതയിൽ കാണാം ശരിയോ ? വ്യക്തമാക്കുക.

(5 × 6 = 30 marks)

CHMK LIBRARY UNIVERSITY OF CALICUT

## Section C

*Answer any* **two** *questions.*
*Each question carries* 10 *marks.*

III. മൂന്നു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക :

24 കേവലപ്രണയത്തിന്റെ ഭൂമികയിൽനിന്നുയർന്ന് പ്രണയത്തിന്റെ ആദ്ധ്യാത്മികഭാവത്തിലേക്ക് വളർന്നു വികസിക്കുന്ന കവിതയാണ് സൂര്യകാന്തി—വിലയിരുത്തുക.

25 ലോകത്തിന്റെ അവസ്ഥാന്തരത്തെ കലോപാസകൻ എന്ന കവിത അവതരിപ്പിക്കുന്നതെങ്ങനെ ?

26 സ്ത്രീയില്ലാത്ത മാതൃഭൂമി എന്ന ലേഖനത്തിലെ ആശയം ചുരുക്കി എഴുതുക.

27 എഴുത്തും അധികാരവും നോവലിന്റെ വ്യാവഹാരികതയിൽ വലിയ മാറ്റങ്ങൾ സൃഷ്ടിച്ചിട്ടുണ്ട് എന്ന നിരൂപകാഭിപ്രായത്തിന്റെ സാംഗത്യം പരിശോധിക്കുക.

(2 × 10 = 20 marks)

CHMK LIBRARY UNIVERSITY OF CALICUT

**C 4090-A** **(Pages : 4)** Name..................................

Reg. No..................................

# SECOND SEMESTER (CUCBCSS–UG) DEGREE EXAMINATION APRIL 2021

Malayalam (B.A./B.Sc.)

MAL 2A 02—MALAYALA SAHITHYAM – II

(2017 Admissions)

(Multiple Choice Questions for SDE Candidates)

| Time : 15 Minutes | Total No. of Questions : 20 | Maximum : 20 Marks |
|---|---|---|

## INSTRUCTIONS TO THE CANDIDATE

1. This Question Paper carries Multiple Choice Questions from 1 to 20.
2. The candidate should check that the question paper supplied to him/her contains all the 20 questions in serial order.
3. Each question is provided with choices (A), (B), (C) and (D) having one correct answer. Choose the correct answer and enter it in the main answer-book.
4. The MCQ question paper will be supplied after the completion of the descriptive examination.

CHMK LIBRARY UNIVERSITY OF CALICUT

## MAL 2A 02—MALAYALA SAHITHYAM – II

(Multiple Choice Questions for SDE Candidates)

1. "ഞാനീ കറുത്തൊരീ നീറ്റിൽ മുങ്ങി

   കാണാതെയാമ്പോൾ കരയുമോ നീ"

   —ഏത് കവിതയിലെ വരികൾ?

   (A) വിവാഹ സമ്മാനം. (B) പൂതപ്പാട്ട്.

   (C) പണിമുടക്കം. (D) കാവിലെപ്പാട്ട്.

2. സദൃശസംഭവമായ ഒരു റിപ്പോർട്ട് മനസ്സിൽ വിടാതെയുളവാക്കിയ നീറലും കാവ്യരൂപത്തിൽ ഒരു പരീക്ഷണ കൗതുകവും കൂടിച്ചേർന്നപ്പോൾ ഉണ്ടായതാണ് ഈ കവിത എന്ന് ഇടശ്ശേരി പറയുന്നത് ഏത് കവിതയെ കുറിച്ചാണ് ?

   (A) പൂതപ്പാട്ട്. (B) കാവിലെപ്പാട്ട്.

   (C) വിവാഹ സമ്മാനം. (D) പണിമുടക്കം.

3. "കാലേകുളിച്ചാലോ വേശിയാട്ടം

   കാലത്തെണീക്കാഞ്ഞാൽ കള്ളനാട്യം"

   —ആരുടെ കുറ്റപ്പെടുത്തലാണിവിടെ പെൺകുട്ടി സൂചിപ്പിക്കുന്നത് ?

   (A) അച്ഛന്റെ. (B) അമ്മയുടെ.

   (C) ചേച്ചിയുടെ. (D) അനുജത്തിയുടെ.

4. "ജീവിതം തീതിന്നലമ്മക്കയ്യോ

   പാവം മകൾക്കൊരു ............ ?

   (A) വിഴുപ്പുഭാണ്ഡം. (B) കനത്ത ഭാരം.

   (C) മുൾക്കിരീടം. (D) തീരാദുഃഖം.

5. രാമായണത്തിലെ ഏതു കാണ്ഡത്തിൽ നിന്നാണ് പ്രത്യേക സന്ദർഭം തെരഞ്ഞെടുത്ത് ചിന്താവിഷ്ടയായ സീത രചിച്ചത് :

   (A) ഉത്തരകാണ്ഡം. (B) അയോദ്ധ്യാകാണ്ഡം.

   (C) ബാലകാണ്ഡം. (D) യുദ്ധകാണ്ഡം.

CHMK LIBRARY UNIVERSITY OF CALICUT

6. "ഇളകും വനരാജിവെണ്ണിലാ-

വൊളിയാൽ വെള്ളിയിൽ വാർത്ത പോലെയായ് "

—അലങ്കാരമേത് ?

(A) ഉൽപ്രേക്ഷ. (B) ഉപമ.

(C) രൂപകം. (D) ദീപകം.

7. മാനഹേതുവാലൊഴിയാതാർത്തി–ആർക്കാണ് വരുന്നത് ?

(A) മനുഷ്യന്. (B) മൃഗങ്ങൾക്ക്.

(C) രാക്ഷസൻമാർക്ക്. (D) ദേവൻമാർക്ക്.

8. ഖദ്യോതം എന്ന വാക്കിന്റെ അർത്ഥം :

(A) മിന്നാമിനുങ്ങ്. (B) ആകാശം.

(C) നക്ഷത്രം. (D) മേഘം.

9. നീ പുണ്യ പാപ പരിഹാരം–നീ എന്നത് ആരെയാണ് സൂചിപ്പിക്കുന്നത് ?

(A) നക്ഷത്രം. (B) സന്ധ്യ.

(C) മേഘം. (D) രാത്രി.

10. മുറ്റമടിക്കുമ്പോൾ–എന്ന കവിതാ സമാഹാരം പ്രസിദ്ധീകരിച്ച വർഷം :

(A) 2005. (B) 2006.

(C) 2004. (D) 2007.

11. മലയാള കവിതയിലെ ഉത്തരാധുനിക കാലത്തെ അടയാളപ്പെടുത്തുന്ന കവയിത്രിയാണ് :

(A) ബാലാമണിയമ്മ. (B) സുഗതകുമാരി.

(C) കെ. മാധവിയമ്മ. (D) അനിതാതമ്പി.

12. മധ്യവർഗ്ഗ കുടുംബിനിയുടെ ജീവിതത്തിന്റെ നിസ്സഹായാവസ്ഥ ഉത്തരാധുനിക കാഴ്ചപ്പാടിൽ അവതരിപ്പിക്കുന്ന കവിതയാണ് ——————.

(A) മുറ്റമടിക്കുമ്പോൾ. (B) ചോറൂണ്.

(C) ഇവനെക്കൂടി. (D) മയിൽപ്പീലി.

13. മാമാങ്കം അരങ്ങേറിയിരുന്നത് എത്ര വർഷം കൂടുമ്പോഴായിരുന്നു ?

(A) 14. (B) 15.

(C) 12. (D) 13.

Turn over

CHMK LIBRARY UNIVERSITY OF CALICUT

14. "കുഞ്ഞിമോനിഷ്ടാവു മെന്നോതി നിന്റെ കൈ-

ക്കുമ്പിളിൽ തന്നെ ഒതുക്കി നിന്നോഹരി"

—കൈയ്യിലൊതുക്കിയതെന്ത് ?

(A) ഒരു തെച്ചിപ്പഴം. (B) ഒരു മിഠായി.

(C) ഞാവൽപ്പഴം. (D) ചോക്ലേറ്റ്.

15. ആർക്ക് അന്ത്യപ്രണാമം അർപ്പിച്ചു കൊണ്ടാണ് ഇവനെക്കൂടി എന്ന കവിത രചിച്ചിട്ടുള്ളത് ?

(A) ആശാൻ. (B) വള്ളത്തോൾ.

(C) ഇടശ്ശേരി. (D) വൈലോപ്പിള്ളി.

16. "എട്ടുകെട്ടുകൾ കത്തും പട്ടട വെണ്ണീറിൽ

തൻ നെല്ലിക്ക് നീർ കോരുവാൻ"

—ഇവിടെ പരാമർശിക്കുന്ന കവിത ഏത് ?

(A) കണ്ണീർപ്പാടം. (B) വിട.

(C) കുടിയൊഴിക്കൽ. (D) മകരക്കൊയ്ത്ത്.

17. കുട്ടികൃഷ്ണമാരാരുടെ ജന്മസ്ഥലം ഏത് ?

(A) ചമ്രവട്ടം. (B) പൊന്നാനി.

(C) തൃപ്രങ്ങോട്. (D) തൃക്കണ്ടിയൂർ.

18. ചങ്ങമ്പുഴ നക്ഷത്രങ്ങളുടെ സ്നേഹഭാജനം എന്ന ജീവചരിത്ര കൃതിയുടെ രചയിതാവ് ആര് ?

(A) എം.പി. പോൾ. (B) തോമസ് മാത്യു.

(C) എം.എം. ബഷീർ. (D) എം.കെ. സാനു.

19. ഇന്ത്യയുടെ മംഗള മണി ദീപമായ മഹാത്മജിയെ ദൈവാംശമാക്കുമ്പോൾ മാത്രമേ അദ്ദേഹം മരിക്കുന്നൊള്ളൂ എന്ന് പ്രസ്താവിച്ചതാര് ?

(A) ഇടശ്ശേരി. (B) വൈലോപ്പിള്ളി.

(C) ചങ്ങമ്പുഴ. (D) എം.കെ. സാനു.

20. കുമാരനാശാന്റെ നോട്ടുബുക്കുകൾ എന്ന കൃതി രചിച്ചതാര് ?

(A) പി.കെ. ബാലകൃഷ്ണൻ. (B) ഡി. ബെഞ്ചമിൻ.

(C) സുകുമാർ അഴീക്കോട്. (D) എം.എം. ബഷീർ.

CHMK LIBRARY UNIVERSITY OF CALICUT

C 4090 (Pages : 2) Name......................................

Reg. No....................................

# SECOND SEMESTER (CUCBCSS–UG) DEGREE EXAMINATION APRIL 2021

Malayalam (B.A./B.Sc.)

MAL 2A 02—MALAYALA SAHITHYAM – II

(2017 Admissions)

Time : Three Hours Maximum : 80 Marks

I. ഒറ്റവാക്കിൽ ഉത്തരമെഴുതുക. ½ മാർക്കു വീതം :

1 മരപ്പാവയിലെ നായികയുടെ പേരെന്ത് ?

2 'കനിവാർന്നനുജ പൊറുക്ക' ആര്, ആരോടു പറഞ്ഞു ?

3 വൈലോപ്പിള്ളിയുടെ ആദ്യത്തെ കവിതാസമാഹാരത്തിന്റെ പേരെന്ത് ?

4 കുമാരനാശാന്റെ ജന്മസ്ഥലം എവിടെയാണ് ?

5 'ഇവനേ ഞങ്ങൾക്കോണപ്പാട്ടിന്നു ചോടായ്' ആര് ?

6 'ചിറകറ്റ പക്ഷിക്കു ചിറകുമായ് നീയിനി പിറകേ വരല്ലേ വരല്ലേ' ഈ വരികൾ ഏതു കൃതിയിലേതാണ് ?

7 ആശാന്റെ സീതാകാവ്യം എന്ന വിമർശനകൃതി എഴുതിയതാര് ?

8 മലയാള കവിതാ ചരിത്രത്തിലെ ഒരു വഴിത്തിരിവ് എന്നു വിശേഷിക്കപ്പെട്ട കുരുക്ഷേത്രം രചിച്ചതാര് ?

9 2017 ലെ എഴുത്തച്ഛൻ പുരസ്കാരം ലഭിച്ചതാർക്ക് ?

10 ഇവനെക്കൂടി സ്വീകരിക്കുക എന്ന് ഏത് നദിയോടാണ് കവി അപേക്ഷിക്കുന്നത് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്കു വീതം :

11 ഇവനെക്കൂടി എന്ന കവിതയിൽ പരാമർശിക്കപ്പെടുന്ന കവിതകൾ ഏതെല്ലാം ?

12 അവനീശ്വരിയോർത്തതില്ല—സീത ഓർക്കാതെ പോയത് എന്തെല്ലാം കാര്യങ്ങളാണ് ?

13 തപന്റെ അമ്മ നോവലിൽ തപൻ മരിച്ചതെങ്ങനെ ?

14 കുട്ടിക്കൃഷ്ണമാരാരുടെ അഭിപ്രായത്തിൽ രാവണനിലെ ബലവത്തായ അധർമ്മം എന്തായിരുന്നു ?

15 'മരപ്പാവകൾ വീണ്ടും വായിക്കുമ്പോൾ' വി. രാജകൃഷ്ണന്റെ കണ്ടെത്തലുകൾ എന്തെല്ലാം ?

(5 × 2 = 10 marks)

CHMK LIBRARY UNIVERSITY OF CALICUT

Turn over

III. ഓരോന്നിനും നൂറ്റമ്പതു വാക്കിൽ കുറയാതെ ഏതെങ്കിലും **അഞ്ചു** ചോദ്യത്തിന് ഉത്തരമെഴുതുക. 5 മാർക്ക് വീതം :

16 രാമായണ കഥാപാത്രങ്ങളുടെ മാനുഷികഭാവം മാരാർ വിവരിക്കുന്നതെങ്ങനെ ?

17 "ഇവനെക്കൂടി സ്വീകരിക്കുക, യാറാട്ടിനു
വരവായിവൻ, നിരാഭരണൻ, നിരാകാരൻ"
—ആശയം വിശദമാക്കുക.

18 'തപന്റെ അമ്മ' എന്ന നോവലിന്റെ ഇതിവൃത്തം എന്ത് ?

19 'ഒരുവേള പഴക്കമേറിയാ-ലിരുളും മെല്ലെ വെളിച്ചമായ് വരാം'—സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

20 "വിടപങ്ങളൊടൊത്ത കൈകൾതൻ
തുടമേൽ വെച്ചുമിരുന്നു സുന്ദരി"
—ആരാണാ സുന്ദരി ? സന്ദർഭം വിശദമാക്കുക.

21 സങ്കല്പത്തിലെ വനസഞ്ചാരത്തിൽ സഹ്യന്റെ മകൻ കാണുന്ന കാഴ്ചകൾ എന്തെല്ലാം ?

22 'മാതുലാ, പൊറുത്താലും തീർന്നു മാമ്പഴക്കാലം'. സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

(5 × 5 = 25 marks)

IV. ഓരോന്നിനും മുന്നൂറു വാക്കിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക. 10 മാർക്കു വീതം :

23 കാരൂരിന്റെ ആഖ്യാനകല വർജ്ജനത്തിന്റെ കലയാണ്—സമർത്ഥിക്കുക.

24 കുമാരനാശാന്റെ ഏറ്റവും ശക്തമായ സ്ത്രീപക്ഷ കവിതയാണ് 'ചിന്താവിഷ്ടയായ സീത'. ചർച്ച ചെയ്യുക.

25 വൈലോപ്പിള്ളിക്കു വേണ്ടി നിർമ്മിക്കപ്പെട്ട ഏറ്റവും ഉദാത്തമായ സ്മാരകമാണ് ഇവനെക്കൂടി—നിരൂപിക്കുക.

26 മഹാഭാരതത്തിലെ ദുര്യോധനന്റേയും യുധിഷ്ഠിരന്റേയും സ്വഭാവ സവിശേഷതകൾ കുട്ടിക്കൃഷ്ണ മാരാർ വിലയിരുത്തുന്നതെങ്ങനെ ?

27 മൃത്യുസങ്കൽപ്പത്തിന്റെ ഉദാത്തവും കാൽപ്പനികവുമായ ആവിഷ്ക്കാരം എന്ന നിലയിൽ പകലുകൾ രാത്രികൾ എന്ന കവിതയെ വിലയിരുത്തുക.

28 ചോറൂണ് എന്ന കവിതയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക.

(4 × 10 = 40 marks)

CHMK LIBRARY UNIVERSITY OF CALICUT

C 4089-A (Pages : 4) Name.....................................

Reg. No.....................................

# SECOND SEMESTER (CUCBCSS–UG) DEGREE EXAMINATION APRIL 2021

Malayalam (B.A./B.Sc.)

MAL 2A 02—MALAYALA SAHITHYAM – II

(2014 Admissions)

(Multiple Choice Questions for SDE Candidates)

| Time : 15 Minutes | Total No. of Questions : 20 | Maximum : 20 Marks |
|---|---|---|

## INSTRUCTIONS TO THE CANDIDATE

1. This Question Paper carries Multiple Choice Questions from 1 to 20.
2. The candidate should check that the question paper supplied to him/her contains all the 20 questions in serial order.
3. Each question is provided with choices (A), (B), (C) and (D) having one correct answer. Choose the correct answer and enter it in the main answer-book.
4. The MCQ question paper will be supplied after the completion of the descriptive examination.

CHMK LIBRARY UNIVERSITY OF CALICUT

MAL 2A 02—MALAYALA SAHITHYAM – II

(Multiple Choice Questions for SDE Candidates)

1. "ഒരു നിശ്ചയമില്ലായൊന്നിനും

വരുമോരോ ദശ വന്ന പോലെ പോം"

—ഈ വരികൾ ഏത് കവിതയിലേതാണ് ?

(A) നളിനി. (B) ചിന്താവിഷ്ടയായ സീത.

(C) പെരുന്തച്ചൻ. (D) സഹ്യന്റെ മകൻ.

2. ആശാന്റെ വീക്ഷത്തിന് വേദനാനിർഭരമായ ജീവിതത്തിൽ ഔഷധമായി ചമയുന്നതെന്ത് ?

(A) പ്രണയം. (B) വിശ്വാസം.

(C) മക്കൾ. (D) കൂട്ടുകാർ.

3. ജി. ശങ്കരക്കുറുപ്പിന്റെ അപൂർണ്ണമായ ആത്മകഥയേത് ?

(A) കൊഴിഞ്ഞ ഇലകൾ. (B) കഴിഞ്ഞ കാലം.

(C) ഓർമ്മയുടെ ഓളങ്ങളിൽ. (D) ജീവിതപ്പാത.

4. താഴെ പറയുന്നവയിൽ വൈലോപ്പിള്ളിയുടെ കൃതിയല്ലാത്തത് ഏത് ?

(A) വിട. (B) കടൽകാക്കകൾ.

(C) കയ്പവല്ലരി. (D) മുത്തുകൾ.

5. കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് നേടിയ വൈലോപ്പിള്ളി കൃതി ഏത് ?

(A) കുന്നിമണികൾ. (B) ശ്രീരേഖ.

(C) വിട. (D) മകരക്കൊയ്ത്ത്.

6. ഒരേ സമയം ജീവിതത്തിന്റെയും മരണത്തിന്റെയും പ്രതീകം എന്ന നിലയ്ക്ക് അയ്യപ്പപണിക്കർ അവതരിപ്പിക്കുന്നത് ?

(A) പകൽ. (B) രാത്രി.

(C) സന്ധ്യ. (D) നക്ഷത്രം.

CHMK LIBRARY UNIVERSITY OF CALICUT

7. കേരള സാഹിത്യ അക്കാദമി അവാർഡ് നേടിയ സുഗതകുമാരിയുടെ കൃതിയേത് ?

(A) രാത്രിമഴ. (B) അമ്പലമണി.

(C) പാതിരാപ്പൂക്കൾ. (D) മണലെഴുത്ത്.

8. "വേണ്ടാം ! തായെന്റെ പൊണ്ണെ ശീക്രം" പറഞ്ഞതാര് ?

(A) കാളി. (B) കാളിയുടെ അമ്മ.

(C) പോലീസ്. (D) കാളിയുടെ അച്ഛൻ.

9. വൈലോപ്പിള്ളി സ്മരണയിൽ സച്ചിദാനന്ദൻ എഴുതിയ കൃതിയേത് ?

(A) ഇവനെക്കൂടി. (B) വിക്ക്.

(C) അനന്തം. (D) ദേശാടനം.

10. "മാതുലാ പൊറുത്താലും

തീർന്നു മാമ്പഴക്കാലം"

—വരികളിൽ സൂചിപ്പിക്കുന്ന മാതുലനാര് ?

(A) ആശാൻ. (B) വള്ളത്തോൾ.

(C) വൈലോപ്പിള്ളി. (D) സച്ചിദാനന്ദൻ.

11. "കനലാഴിയിൽ നൃത്തം

വജനപ്പം കുരു-

ത്തോലയിൽ നിറമാല

പൂജിക്കാൻ കുറവന്മാർ"

—ഈ വരികളിലൂടെ വൈലോപ്പിള്ളി കവിതകളിൽ സച്ചിദാനന്ദൻ കണ്ടെത്താൻ ശ്രമിക്കുന്ന ഭാവമേത് ?

(A) താളാത്മകത. (B) വർണ്ണനാവൈഭവം.

(C) ദ്രാവിഡ തനിമ. (D) അർത്ഥസമ്പുഷ്ടത.

12. താഴെ പറയുന്നവയിൽ സച്ചിദാനന്ദൻ രചിച്ച നാടകമേത് ?

(A) ഗാന്ധി. (B) കവിബുദ്ധൻ.

(C) ദേശാടനം. (D) അപൂർണ്ണം.



CHMK LIBRARY UNIVERSITY OF CALICUT

13. കുട്ടികൃഷ്ണ മാരാരുടെ ആദ്യ കൃതിയേത് ?

(A) സാഹിത്യഭൂഷണം. (B) മലയാള ശൈലി.

(C) സാഹിത്യവിദ്യ. (D) ദന്തഗോപുരം.

14. ഇതിഹാസ കഥാപാത്രങ്ങൾ വെറും ആദർശവ്യക്തികളല്ലെന്നും സാധാരണ മനുഷ്യരുടെ കുറച്ചധികം വലിയ ക്ലോസപ്പുകളാണെന്നും നിരീക്ഷിക്കുന്ന മാരാരുടെ പഠനമേത് ?

(A) ഇതിഹാസ കഥാപാത്രങ്ങൾ. (B) സാഹിത്യസല്ലാപം.

(C) സാഹിത്യവിദ്യ. (D) കല ജീവിതം തന്നെ.

15. മാരാരുടെ അഭിപ്രായത്തിൽ രാമായണത്തിലെ കൂട്ടു സഹോദരന്മാരിൽ ഏറ്റവും ഉത്തമർ ആരാണ് ?

(A) രാമലക്ഷ്മണന്മാർ. (B) ബാലിസുഗ്രീവൻമാർ.

(C) രാവണകുംഭകർണ്ണ വിഭീഷണന്മാർ. (D) സമ്പാതിജടായുക്കൾ.

16. എം.കെ. സാനുവിന്റെ ആദ്യം പ്രസിദ്ധികൃതമായ ഗ്രന്ഥമേത് ?

(A) കാറ്റും വെളിച്ചവും. (B) ചിതയിലെ വെളിച്ചം.

(C) അസ്തമിക്കാത്ത വെളിച്ചം. (D) അഞ്ചു ശാസ്ത്ര നായകന്മാർ.

17. രോഗിയായ ചങ്ങമ്പുഴയുടെ ദയനീയാവസ്ഥ പുറത്തറിയിച്ചതാര് ?

(A) ഇ.എം. കോവൂർ. (B) വർഗീസ് മാപ്പിള.

(C) മുണ്ടശ്ശേരി. (D) ഇവരാരുമല്ല.

18. തപന്റെ അമ്മ എന്ന നോവൽ എഴുതിയതാര് ?

(A) മഹാശ്വേതാദേവി. (B) ആശാപൂർണ്ണാദേവി.

(C) താരാശങ്കർ ബാനർജി. (D) എം.എം. ബഷീർ.

19. ഹരിത നിരൂപണം മലയാളത്തിൽ എന്ന കൃതിയുടെ രചയിതാവ് :

(A) എം.കെ. സാനു. (B) എം.പി. പോൾ.

(C) എ ഠ.എം. ബഷീർ. (D) ജി. മധുസൂദനൻ.

20. മരപ്പാവകളിലെ കഥാനായിക ആര് ?

(A) സീത. (B) ലക്ഷ്മി.

(C) നളിനി. (D) പുഷ്പ.

CHMK LIBRARY UNIVERSITY OF CALICUT

C 4089 (Pages : 2) Name.....................................

Reg. No.....................................

# SECOND SEMESTER (CUCBCSS–UG) DEGREE EXAMINATION APRIL 2021

Malayalam (B.A./B.Sc.)

MAL 2A 02—MALAYALA SAHITHYAM – II

(2014 Admissions)

Time : Three Hours Maximum : 80 Marks

I. ഒറ്റവാക്കിൽ ഉത്തരമെഴുതുക.

1 വാല്മീകിയുടെ ആശ്രമം സ്ഥിതി ചെയ്യുന്നത് ഏതു നദിയുടെ തീരത്താണ് ?

2 "പൊൽത്തിടമ്പേറി ദേവൻ പെരുമാറുമാപ്പെരും

മസ്തക കടാഹത്തിൽ മന്ത്രിപ്പൂ പിശാചുക്കൾ"

—ഏതു കൃതിയിലേതാണ് ഈ വരികൾ ?

3 "കണക്കും കോപ്പും മൂത്താശ്ശാരിക്കു കൂടും

ശില്പഗുണമാച്ചെക്കന്നേറും"

—എന്നു പറഞ്ഞതാര് ?

4 പുത്രസങ്കടം ചെന്നു പതിച്ചത് എവിടെയാണ് ?

5 സുഗതകുമാരിയുടെ ഏത് കൃതിക്കാണ് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചത് ?

6 പെരുന്തച്ചന്റെ ജന്മദേശം ഏത് ?

7 'തപന്റെ അമ്മ' എന്ന കൃതി രചിച്ചത് ആര് ?

8 'കനിവിന്റെ നനവൂറി നിൽക്കുന്ന കണ്ണുമായി വരുവാൻ' കവി ആരോടാണ് ആവശ്യപ്പെടുന്നത് ?

9 മരപ്പാവകളിലെ കഥാനായികയുടെ പേരെന്ത് ?

10 ഭാരതപര്യടനം എന്ന കൃതി രചിച്ചത് ആര് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.

11 കുമാരനാശാന്റെ നാല് ഖണ്ഡകാവ്യങ്ങളുടെ പേരെഴുതുക.

12 'പാരിസ്ഥിതികകല കേവലം ആത്മപ്രകാശനം മാത്രമല്ല ' എന്നു പറയുന്നതിന്റെ കാരണമെന്ത് ?

13 'യതോധർമ്മസ്തതോ ജയ' എന്ന വാക്യം ഗാന്ധാരിയുടെ വ്യക്തിത്വത്തിന്റെയും നിലപാടിന്റെയും സൂചകമാകുന്നതെങ്ങനെ ?

Turn over

CHMK LIBRARY UNIVERSITY OF CALICUT

14 അധികാരത്തിന്റെ ഇടപെടൽ കലയെ ദോഷകരമായി ബാധിക്കുന്നതെങ്ങനെ ?

15 പാവനിർമ്മാണം എന്ന തൊഴിലിനെക്കുറിച്ച് നളിനിയുടെ കാഴ്ചപ്പാടെന്ത് ?

(5 × 2 = 10 marks)

III. ഓരോന്നിനും നൂറ്റമ്പതു വാക്കിൽ കവിയാതെ **അഞ്ചു** ചോദ്യത്തിന് ഉത്തരമെഴുതുക.

16 ഉത്സവപ്പറമ്പിലെ കാഴ്ചകളും ശബ്ദങ്ങളും സഹ്യന്റെ മകന് എപ്രകാരമാണ് അനുഭവപ്പെട്ടത് ?

17 ഒരു അമ്മയുടെ നിഷ്കളങ്കമായ സ്നേഹത്തിന്റെ ആവിഷ്കരണം എന്ന നിലയിൽ തപന്റെ അമ്മ എന്ന നോവലിനെക്കുറിച്ച് പ്രതിപാദിക്കുക.

18 'മഴകൊണ്ടുമാത്രം എന്ന കവിത പ്രണയത്തിന്റെയും ഓർമ്മകളുടെയും ആഖ്യാനമാണ് ' പ്രതികരിക്കുക.

19 'മരപ്പാവകൾ' എന്ന കഥയുടെ ആഖ്യാനസവിശേഷതകൾ വിവരിക്കുക.

20 രാവണന്റെ വ്യക്തിത്വത്തെ മഹത്വപൂർണമാക്കുന്ന ഘടകങ്ങൾ എന്തെല്ലാം ?

21 പാരിസ്ഥിതിക കലയുടെ പാരമ്പര്യ അടിത്തറയെക്കുറിച്ച് വിശദമാക്കുക.

22 ദളിത് വിമർശനത്തിന്റെ അടിസ്ഥാനാശയങ്ങൾ പരിചയപ്പെടുത്തുക.

(5 × 5 = 25 marks)

IV. ഓരോന്നിനും മുന്നൂറു വാക്കിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക.

23 ഹരിതനിരൂപണത്തിന്റെ പ്രസക്തിയെന്തെന്ന് വിശദീകരിക്കുക.

24 'ദുര്യോധനൻ കേവലമൊരു പ്രതിനായകനല്ല ' എന്ന് മാരാർ സമർത്ഥിക്കുന്നത് എങ്ങനെ ?

25 കലാകാരന്റെ സ്വാതന്ത്ര്യവും അധികാരവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് എം. തോമസ് മാത്യുവിന്റെ നിരീക്ഷണങ്ങൾ സംഗ്രഹിക്കുക.

26 സീതയുടെ മനസ്സിനെ മഥിച്ച വിചാരധാരകളെ ആശാൻ അവതരിപ്പിക്കുന്നത് എപ്രകാരമാണ് ? വിവരിക്കുക.

27 'കളിയച്ഛൻ' എന്ന കവിതയിൽ ഉപയോഗിച്ചിരിക്കുന്ന കഥകളി രൂപകങ്ങൾ കവിതയുടെ ഭാവതലത്തെ എത്രമാത്രം ദൃഢമാക്കുന്നു എന്ന് പരിശോധിക്കുക.

28 അനാഥ ബാല്യത്തിന്റെ ദയനീയതയാണ് 'പട്ടുപാവാട' വിഷയമാക്കുന്നത്—വിവരിക്കുക.

(4 × 10 = 40 marks)

CHMK LIBRARY UNIVERSITY OF CALICUT